പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.275 28.05.2019 ൽ മറുപടിക്ക്

**കോതമംഗലം താലൂക്ക് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്ക് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിനുവേണ്ടി 2.18 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൻ പ്രകാരം ഡി.പി.ആർ.തയ്യാറാക്കുവാൻ ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുകയും ഹൗസിങ് ബോർഡ് സമർപ്പിച്ച ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.-ൽ നിന്നും കോതമംഗലം താലൂക്കാശുപത്രിയ്ക്ക് 2,08,44,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം പ്രസ്തുത ആശുപത്രിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | (ബി) | ഒ.പി.ഡി.ട്രാൻസ്ഫർമേഷന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി.രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, രോഗിയുടെ സ്വാകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ലാബിന്റെ നവീകരണം, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ഒ.പി.കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, ആവശ്യമായ ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയ ഹൗസിങ് ബോർഡ് സാങ്കേതിക അനുമതിയ്ക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; | (സി) | 3.08.2018 ലെ ജി.ഒ.(പി)നം.118/2018/ഫിൻ പ്രകാരം 5 കോടി വരെയുള്ള പ്രവർത്തനങ്ങൾക്ക് അതാത് ഏജൻസികൾ തന്നെയാണ് സാങ്കേതിക അനുമതി എടുക്കേണ്ടത്. ഇതിൻപ്രകാരം ഹൗസിങ് ബോർഡ് സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | കോതമംഗലം താലൂക്ക് ആശുപത്രിയിൽ പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഡി) | ഹൗസിങ് ബോർഡ് സാങ്കേതിക അനുമതി എടുത്ത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ